# SAMAGRA PLUS

# 2024-25 ലെ വർഷാവസാന വിലയിരുത്തൽ

## സാമൂഹിക ശാസ്ത്രം

## മാതൃകാ ചോദ്യപേപ്പർ

ക്ലാസ് : 5 സമയം : 2 മണിക്കൂർ

---

നിർദ്ദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിറ്റ് വിശ്രമ കാലയളവ് ഉണ്ട്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിക്കാനും മനസ്സിലാക്കാനുമുള്ളതാണ്.
2. നൽകിയിരിക്കുന്ന 7 പ്രവർത്തനങ്ങളിൽ 5 എണ്ണത്തിന് നിങ്ങൾ ഉത്തരം നൽകേണ്ടതുണ്ട്.
3. നിങ്ങൾ തിരഞ്ഞെടുക്കുന്ന 5 പ്രവർത്തനങ്ങളിലെ എല്ലാ ഉപ പ്രവർത്തനങ്ങൾക്കും നിങ്ങൾ ഉത്തരം നൽകണം.

---

പ്രവർത്തനം 1

ദാരിദ്ര ലഘൂകരണത്തിനും സാമൂഹിക അസമത്വം കുറയ്ക്കുന്നതിനും ആയി നടപ്പിലാക്കി വരുന്ന ചില പരിപാടികളും അവയുടെ സവിശേഷതകളും ആണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

a. പട്ടിക നിരീക്ഷിച്ച് വിട്ടു പോയ ഭാഗങ്ങൾ പൂർത്തിയാക്കുക

| പദ്ധതികൾ | ഗുണഭോക്താക്കൾ | സവിശേഷതകൾ |
|---|---|---|
| ലൈഫ് മിഷൻ | | സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനമൊരുക്കുക |
| കൈവല്യ | ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ | |
| പ്രതിഭാ തീരം | | വിദ്യാഭ്യാസപുരോഗതി |
| ജനനി ജന്മരക്ഷ | ഗോത്രവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾ, അമ്മമാർ | |

b. ഗ്രാമീണ മേഖലയിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി ഏതാണ്?

a. തീരമൈത്രി പദ്ധതി
b. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
c. ഗോത്ര ബന്ധു
d. കൈവല്യ

പ്രവർത്തനം 2

സൗരയൂഥത്തിലെ ചില ഗ്രഹങ്ങളുടെ ചിത്രങ്ങളും അവയുടെ സവിശേഷതകളും താഴെ നൽകിയിരിക്കുന്നു.


ജീവൻ നിലനിൽക്കുന്ന ഒരേ ഒരു ഗ്രഹം
ഏറ്റവും വലിയ ഗ്രഹം
ചുവന്ന ഗ്രഹം
സൂര്യനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഗ്രഹം

a. സവിശേഷതകളിൽ നിന്നും ഓരോ ഗ്രഹങ്ങളുമായി ബന്ധപ്പെട്ടവ കണ്ടെത്തി ഉചിതമായി ചേർക്കുക.




ബുധൻ

..........................................................................................................



ചൊവ്വ

..........................................................................................................



വ്യാഴം ...............................................................................................................




ഭൂമി ...............................................................................................................

**b. സൂര്യനിൽ നിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന ഗ്രഹം ഏതാണ് ?**


**a. നെപ്ട്യൂൺ**
**b. ചൊവ്വ**
**c. വ്യാഴം**
**d. ശുക്രൻ**

പ്രവർത്തനം 3

**ഭൂമിയുടെ ഭ്രമണം, പരിക്രമണം എന്നിവ ചിത്രീകരിച്ചിക്കുന്നത് ശ്രദ്ധിക്കുക.**




**ചിത്രം A**



**ചിത്രം B**

**a. ചിത്രത്തിൽ ഭ്രമണം, പരിക്രമണം എന്നിവ യഥാക്രമം ഏതൊക്കെയെന്ന് എഴുതുക.**

**ചിത്രം A** ...................................
**ചിത്രം B** ...................................

**b. ഭ്രമണം, പരിക്രമണം എന്നിവയെ കുറിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുക**

**പ്രവർത്തനം 4**

**ഭൂമിയിലെ ചില പ്രദേശങ്ങളുടെ സവിശേഷതകളാണ് താഴെ നൽകിയിരിക്കുന്നത്.**

**മഴ തീരെ കുറവ് ,മണൽക്കാറ്റ്**
**നായ്ക്കൾ വലിക്കുന്ന സ്ലെഡ്ജുകൾ, ഇഗ്ലു**
**ജലദൗർലഭ്യം**
**ഹിമക്കരടി ,സീൽ, ഹിമ മൂങ്ങ**
**വിശാലമായ മണൽപരപ്പ് , വരണ്ട കാറ്റ്**
**വേട്ടയാടൽ, മത്സ്യബന്ധനം**

**a. നൽകിയിരിക്കുന്ന സവിശേഷതകളിൽ നിന്നും ധ്രുവപ്രദേശങ്ങളുമായി ബന്ധപ്പെട്ടവ കണ്ടെത്തി എഴുതുക.**

| **ധ്രുവപ്രദേശം** |
| --- |

- ■
- ■
- ■


**b. കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന 2 പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എഴുതുക**

**പ്രവർത്തനം 5**

**റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട അടയാളങ്ങൾ ശ്രദ്ധിക്കുക.**

**a. ഇവ ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു എന്ന് എഴുതുക**

**1** ..................................................................................................
**2** ..................................................................................................
**3** ..................................................................................................
**4** ..................................................................................................
**5** ..................................................................................................
**6** ..................................................................................................





**b. നിത്യജീവിതത്തിൽ നിങ്ങൾക്ക് പരിചിതമായ രണ്ട് നിയമങ്ങൾ എഴുതുക**

പ്രവർത്തനം 6

**കുട്ടികളുടെ അവകാശ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കുന്ന ജാഥയിൽ പ്രദർശിപ്പിക്കാനായി പോസ്റ്റുകൾ തയ്യാറാക്കുകയാണ് നീനു.**

**a. നീനുവിനെ സഹായിക്കാനായി പോസ്റ്ററിൽ ചേർക്കാൻ രണ്ട് സന്ദേശങ്ങൾ എഴുതി നൽകാമോ ?**

**b. സുപ്രീംകോടതിയും ജില്ലാ കോടതികളും കൂടാതെ വിവിധതരം കോടതികൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. കോടതികളുടെ ശ്രേണി ഘടന പൂർത്തീകരിക്കുക.**



c. ലോക ബാലാവകാശ സംരക്ഷണ ദിനമായി ആചരിക്കുന്നത് ഏത് ദിനമാണ്?

പ്രവർത്തനം 7

a. ജലാശയങ്ങൾ മലിനപ്പെടുന്നത് ജീവജാലങ്ങളുടെ നിലനില്പ് അപകടത്തിലാക്കുന്നു. നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ചുവടെ നൽകിയിട്ടുള്ള പട്ടിക വായിച്ച് വിട്ടുപോയവ പൂരിപ്പിക്കൂ.


| പദ്ധതി | നിർവ്വഹണം |
|---|---|
| ഇനി ഞാൻ ഒഴുകട്ടെ | |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് |
| | കേന്ദ്ര സർക്കാർ |
| തെളിനീരൊഴുകും നവകേരളം | |

b. ലോകത്തിലെ ആകെ ജലലഭ്യതയുടെ വളരെ ചെറിയൊരു അളവ് മാത്രമെ ശുദ്ധജലമായിട്ടുള്ളൂ. അമൂല്യമായ ശുദ്ധജലം സംരക്ഷിക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ്.
ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിന് അവലംബിക്കാവുന്ന വിവിധ മാർഗ്ഗങ്ങൾ ഏതെല്ലാം?

c. കേരളത്തിൽ പ്രധാനമായും രണ്ട് മഴക്കാലങ്ങളാണുള്ളത്. ഏതെല്ലാം?

- 
- 

<table>
<tr><th>NO</th><th>Key Point</th><th>Score</th><th>Total</th></tr>
<tr><td>Activity 1</td><td>(a)<br><table>
<tr><th>പദ്ധതികൾ</th><th>ഗുണഭോക്താക്കൾ</th><th>സവിശേഷതകൾ</th></tr>
<tr><td>ലൈഫ് മിഷൻ</td><td>ഭൂരഹിതർ, ഭൂരഹിത-ഭവനരഹിതർ, ഭവനം പൂർത്തിയാക്കാത്തവർ, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർ</td><td>സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനമൊരുക്കുക</td></tr>
<tr><td>കൈവല്യ</td><td>ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ</td><td>അവസര തുല്യത, സാമൂഹിക ഉൾച്ചേർക്കൽ</td></tr>
<tr><td>പ്രതിഭാ തീരം</td><td>തീരദേശമേഖലയിലെ വിദ്യാർഥികൾ</td><td>വിദ്യാഭ്യാസപുരോഗതി</td></tr>
<tr><td>ജനനി ജന്മരക്ഷ</td><td>ഗോത്രവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾ, അമ്മമാർ</td><td>പോഷകാഹാര ലഭ്യത</td></tr>
</table><br>(b) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</td><td>4<br><br>1</td><td>5</td></tr>
<tr><td>Activity 2</td><td>(a). സവിശേഷതകളിൽ നിന്നും ഓരോ ഗ്രഹങ്ങളുമായി ബന്ധപ്പെട്ടവ കണ്ടെത്തി ഉചിതമായി ചേർക്കുക.<br>1. ബുധൻ - സൂര്യനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഗ്രഹം<br>2. ചൊവ്വ - ചുവന്ന ഗ്രഹം<br>3. വ്യാഴം - ഏറ്റവും വലിയ ഗ്രഹം<br>4. ഭൂമി - ജീവൻ നിലനിൽക്കുന്ന ഒരേ ഒരു ഗ്രഹം<br><br>(b). സൂര്യനിൽ നിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന ഗ്രഹം ഏതാണ് ?<br>a. നെപ്ട്യൂൺ</td><td>4<br><br>1</td><td>5</td></tr>
<tr><td>Activity 3</td><td>(a). ചിത്രത്തിൽ ഭ്രമണം, പരിക്രമണം എന്നിവ യഥാക്രമം ഏതൊക്കെയെന്ന് എഴുതുക.<br>ചിത്രം A ................................ (ഭ്രമണം)<br>ചിത്രം B ................................ (പരിക്രമണം)</td><td>2<br><br>3</td><td>5</td></tr>
</table>

| | | | |
|---|---|---|---|
| | (b). ഭ്രമണം പരിക്രമണം എന്നിവയെ കുറിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുക | (1.5 വീതം) | |
| Activity 4 | (a) നൽകിയിരിക്കുന്ന സവിശേഷതകളിൽ നിന്നും ധ്രുവപ്രദേശങ്ങളുമായി ബന്ധപ്പെട്ടവ കണ്ടെത്തി എഴുതുക.<br>നായ്ക്കൾ വലിക്കുന്ന സ്ലെഡ്ജുകൾ, ഇഗ്ലു<br>ഹിമക്കരടി ,സീൽ, ഹിമ മൂങ്ങ<br>വേട്ടയാടൽ, മത്സ്യബന്ധനം<br><br>(b) കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന 2 പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എഴുതുക | 3<br><br>2 | 5 |
| Activity 5 | (a) ഇവ ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു എന്ന് എഴുതുക<br>1. (സൈക്കിൾ സവാരി പാടില്ല)<br>2. (കാൽനട യാത്ര അനുവദനീയമല്ല)<br>3. (പാർക്കിംഗ് പാടില്ല)<br>4. (മുന്നിൽ സ്കൂൾ ഉണ്ട്. സൂക്ഷിച്ച് പോവുക)<br>5. (മുന്നിൽ റെയിൽവേ ക്രോസിംഗ് ഉണ്ട്)<br>6. (കാൽനടക്കാർ റോഡ് മുറിച്ച് കടക്കുന്നിടം)<br><br>(b) നിത്യജീവിതത്തിൽ നിങ്ങൾക്ക് പരിചിതമായ രണ്ട് നിയമങ്ങൾ എഴുതുക<br>റോഡ് സുരക്ഷാനിയമങ്ങൾ, വിദ്യാഭ്യാസ അവകാശനിയമം, ബാലനീതി നിയമം, ബാലവേല നിരോധന നിയമം, പോക്സോ ആക്ട്, വിവരസാങ്കേതികവിദ്യാ നിയമം 2000<br>(ഏതെങ്കിലും രണ്ട് എണ്ണം) | 3<br><br>2 | 5 |
| Activity 6 | (a) പ്രസക്തമായ ഏതെങ്കിലും രണ്ട് സന്ദേശങ്ങൾ<br><br>(b) കോടതികളുടെ ശ്രേണി ഘടന പൂർത്തീകരിക്കുക<br><br>ഹൈക്കോടതികൾ<br>കീഴ്ക്കോടതികൾ | 2<br><br>2 | 5 |

<table>
<tr><td></td><td>(c) ലോക ബാലാവകാശ സംരക്ഷണ ദിനമായി ആചരിക്കുന്നത് ഏത് ദിനമാണ്?<br>നവംബർ 20</td><td>1</td><td></td></tr>
<tr><td>Activity 7</td><td>(a). ചുവടെ നൽകിയിട്ടുള്ള പട്ടിക വായിച്ച് വിട്ടുപോയവ പൂരിപ്പിക്കൂ.
<table>
<tr><th>പദ്ധതി</th><th>നിർവ്വഹണം</th></tr>
<tr><td>ഇനി ഞാൻ ഒഴുകട്ടെ</td><td>ഹരിത കേരളം മിഷൻ</td></tr>
<tr><td>മാലിന്യമുക്തം നവകേരളം</td><td>തദ്ദേശ സ്വയം ഭരണ വകുപ്പ്</td></tr>
<tr><td>ജൽ ജീവൻ മിഷൻ</td><td>കേന്ദ്ര സർക്കാർ</td></tr>
<tr><td>തെളിനീരൊഴുകും നവകേരളം</td><td>തദ്ദേശ സ്വയം ഭരണ വകുപ്പ്</td></tr>
</table>
(b). ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിന് അവലംബിക്കാവുന്ന വിവിധ മാർഗ്ഗങ്ങൾ ഏതെല്ലാം?<br>മഴക്കുഴി, മഴവെള്ളസംഭരണി, തടയണ, പുതയിടൽ<br><br>(c) കേരളത്തിൽ പ്രധാനമായും രണ്ട് മഴക്കാലങ്ങളാണുള്ളത്. ഏതെല്ലാം?<br>• തെക്കുപടിഞ്ഞാറൻ മൺസൂൺകാലം അഥവാ കാലവർഷം<br>• വടക്കുകിഴക്കൻ മൺസൂൺകാലം അഥവാ തുലാവർഷം</td><td>2<br><br>2<br><br>1</td><td>5</td></tr>
</table>